# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 05.02.2026**

### പ്രധാനവാർത്തകൾ

1. വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ അതിവേഗം മുന്നേറുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി രാജ്യസഭയിൽ മറുപടി നൽകുന്നു.

2. ഇന്ത്യ- അമേരിക്ക വ്യാപാര കരാറിൻ്റെ ആദ്യ ഘട്ടം തയ്യാറായതായി കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ.

3. ശബരിമല സ്വർണ്ണ അപഹരണക്കേസിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭ ഈ മാസം 23 ന് വീണ്ടും സമ്മേളിക്കും.

4. യുവാക്കളുടെ നൂതന ആശയങ്ങൾ നവകേരള സൃഷ്ടിക്ക് വലിയ പിന്തുണ നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

5. റോഡ് സുരക്ഷാ ബോധവൽക്കരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനായി 'റോഡ് സേഫ്റ്റി കേഡറ്റ്' പ്രോഗ്രാം നടപ്പിലാക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി.

6. സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഫൈനലിൽ. കലാശപ്പോരിൽ സർവീസസ് കേരളത്തിൻ്റെ എതിരാളി.

RNU TVPM

## പാർലമെൻറ് (ഇൻട്രോ)

വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ അതിവേഗം മുന്നേറുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മലുള്ള നന്ദി പ്രമേയ ചർച്ചകൾക്ക് രാജ്യസഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. സമസ്ത മേഖലകളിലും ഇന്ത്യ ആത്മവിശ്വാസത്തോടെ മുന്നേറുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

ആഗോളതലത്തിൽ ഇന്ത്യൻ യുവാക്കളുടെ പ്രചാരം ഏറുന്നതായും പ്രധാനമന്ത്രി രാജ്യസഭയിൽ പറഞ്ഞു. നന്ദി പ്രമേയം ലോക്സഭ ശബ്ദവോട്ടോടെ പാസാക്കി. അതേസമയം വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് പല തവണ നിർത്തിവയ്ച്ച ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.

RNU TVPM

## വ്യാപാര കരാർ

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാര കരാറിന്റെ ആദ്യ ഘട്ടം തയ്യാറായതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. അഞ്ചുദിവസത്തിനുള്ളിൽ അന്തിമരൂപം നൽകി കരാർ ഒപ്പിടുമെന്ന് പ്രതീക്ഷിക്കുന്നതായും ശ്രീ ഗോയൽ പറഞ്ഞു. 140 കോടി ജനങ്ങളുടെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

## നിയമസഭ

ശബരിമല സ്വർണ്ണ അപഹരണക്കേസിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നടപടികൾ വേഗത്തിൽ പൂർത്തിയാക്കി കേരള നിയമസഭ ഇന്നത്തേക്ക്

പിരിഞ്ഞു. പ്രതിപക്ഷം സഭയിൽ സമാധാനപരമായാണ് പ്രതിഷേധിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. കേസിൽ തൊണ്ടി മുതൽ ഉൾപ്പെടെ ഒരു തെളിവും എസ് ഐ ടി യ്ക്ക് ഇത് വരെ കണ്ടെത്താനായില്ലെന്ന് പ്രതിപക്ഷ നേതാവ് ആരോപിച്ചു. എന്നാൽ എസ് ഐ ടി അന്വേഷണം കുറ്റമറ്റ രീതിയിലാണ് നടക്കുന്നത് എന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. സഭ ഈ മാസം 23 ന് വീണ്ടും സമ്മേളിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

<u>മുഖ്യമന്ത്രി - യംങ് ഇന്നവേറ്റേഴ്സ്</u>

യുവാക്കളുടെ മനസിലുള്ള നൂതന ആശയങ്ങൾ നവകേരള സൃഷ്ടിക്ക് വലിയ പിന്തുണ നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. യംങ് ഇന്നവേറ്റേഴ്സ് മീറ്റ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മീറ്റിലൂടെ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റമുണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

<u>റോഡ് സേഫ്റ്റി കേഡറ്റ്</u>

റോഡ് സുരക്ഷാ ബോധവൽക്കരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനായി മോട്ടോർ വാഹന - പൊതുവിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി 'റോഡ് സേഫ്റ്റി കേഡറ്റ്' പ്രോഗ്രാം നടപ്പിലാക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി. വിദ്യാർഥികളിൽ റോഡ് സുരക്ഷാ സംസ്കാരം വളർത്തിയെടുക്കുന്നതിനും വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനുമാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി കെ ബി ഗണേഷ് കുമാർ പറഞ്ഞു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം മാവേലിക്കരയിൽ നടക്കുമെന്നും മന്ത്രിമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പരിശീലനം പൂർത്തിയാക്കിയ 30 കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡും ഉദ്ഘാടന ദിവസം നടക്കും.

☸☸☸☸☸☸☸☸☸☸☸☸☸

<u>മന്ത്രി വി ശിവൻകുട്ടി</u>

1995-ലെയും 2016-ലെയും ഭിന്നശേഷി നിയമങ്ങൾ അനുസരിച്ച് എയ്ഡഡ് സ്കൂളുകളിൽ സംവരണം നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി വി ശിവൻകുട്ടി. സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് യു.ഐ.ഡി. ഇല്ലാത്തതിൻറെ പേരിൽ പ്രവേശനമോ മറ്റ് ആനുകൂല്യങ്ങളോ നിഷേധിക്കുന്നില്ലെന്നും നിബന്ധന തസ്തിക നിർണ്ണയത്തിന് മാത്രമാണെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. പുതിയ ഉത്തരവ് പ്രകാരം 2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ ഒരു മാസത്തിനകം പൂർത്തിയാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയതായും മന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## പരീക്ഷ പേ ചർച്ച

പരീക്ഷ സമ്മർദ്ദം ഉൾപ്പടെയുള്ള വിഷയങ്ങളിൽ പ്രധാനമന്ത്രി വിദ്യാർത്ഥികളുമായി നേരിട്ട് സംവദിക്കുന്ന പരീക്ഷ പേ ചർച്ച പരിപാടി നാളെ രാവിലെ 10 മണിക്ക്. പരിപാടി കാണാൻ പൗരന്മാരോട് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. രാജ്യത്തെ യുവജനങ്ങളുമായി സംവദിക്കുന്നത് ഉന്മേഷദായകമാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഇരിട്ടി പൊലീസ് സ്റ്റേഷൻ (ഇൻട്രോ)

സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി കണ്ണൂർ റൂറൽ ഡിവിഷനിലെ ഇരിട്ടി പൊലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു. ദേശീയ തലത്തിൽ മികച്ച പത്ത് പോലീസ് സ്റ്റേഷനുകളിലൊന്നായും ഇരിട്ടിയെ തിരഞ്ഞെടുത്തിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

### ശോഭ കരന്ദലാജെ

സംസ്ഥാന സർക്കാർ ഭുമി നൽകിയാൽ കൊല്ലത്ത് ഇഎസ്ഐ മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ശോഭ കരന്ദലജെ. എല്ലാ സംസ്ഥാനങ്ങളേയും ശക്തമാക്കുന്ന രീതിയിലാണ് കേന്ദ്ര ബജറ്റ് അവതരിപ്പിച്ചിരിക്കുന്നതെന്നും മന്ത്രി തിരുവനന്തപുരത്തു പറഞ്ഞു. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം ഈ വർഷം 36,355 കോടി രൂപയായി വർധിപ്പിച്ചതായും ശ്രീമതി ശോഭ കരന്ദലജെ വ്യക്തമാക്കി.

---

### എം. മുരളി

അന്തരിച്ച മുൻ എം എൽ എ യും കോൺഗ്രസ് നേതാവുമായ എം മുരളിയുടെ ഭൗതിക ദേഹം തിരുവനന്തപുരം കെ പി സി സി ആസ്ഥാനത്തെ പൊതു ദർശനത്തിന് ശേഷം മാവേലിക്കരയിലെ വസതിയിലേക്ക് കൊണ്ട് പോയി.

എം മുരളിയുടെ സംസ്ക്കാര ചടങ്ങുകൾ ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് മാവേലിക്കരയിലെ വീട്ടുവളപ്പിൽ നടക്കും.

---

### വിഴിഞ്ഞം രാജ്യാന്തര തുറമുഖം(ഇൻട്രോ)

കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ആഗോള തലത്തിൽ 83-ാം സ്ഥാനത്ത് എത്തി. 2024 ഡിസംബർ മുതൽ ഈ വർഷം ജനുവരി വരെ 399 മീറ്ററിൽ കൂടുതൽ നീളമുള്ള അൻപതിൽ അധികം വലിയ കണ്ടെയ്നർ കപ്പലകൾ വിഴിഞ്ഞത്തെത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(വോയിസ്)**

---

### ശബരിമല കേസ്

ശബരിമല സ്വർണഅപഹരണ കേസിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയ്ക്ക് ജാമ്യം. കൊല്ലം വിജിലൻസ് കോടതി കർശന ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചത്. 2 കേസിലും ജാമ്യം

RIUTVPM

ലഭിച്ചതോടെ പോറ്റി ജയിൽ മോചിതനാകും. അറസ്റ്റിലായി 90 ദിവസം കഴിഞ്ഞിട്ടും അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിൽ സ്വാഭാവിക ജാമ്യമാണ് ലഭിച്ചത്. അതേസമയം, തന്ത്രി കണ്ഠരര് രാജീവരുടെ റിമാൻഡ് കാലാവധി ഈ മാസം 19 വരെ നീട്ടി. തന്ത്രി പണം നിക്ഷേപിച്ച തിരുവല്ലയിലെ സ്വകാര്യ ധനകാര്യ സ്ഥാപനത്തിലും ഉടമയുടെ വീട്ടിലും ഇ.ഡി. ഉദ്യോഗസ്ഥർ പരിശോധന നടത്തുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## എസ് ഐ ആർ

കേരളത്തിൽ എസ് ഐ ആറിൻറെ ഭാഗമായിയുള്ള ഹിയറിംഗിലൂടെ 21,130 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്കർ. ഇതിൽ, 2,804 പേർ എന്യൂമറേഷൻ കാലഘട്ടത്തിൽ മരണപ്പെട്ടവരും, ആയിരത്തി 39 പേർ വിദേശ പൗരത്വം സ്വീകരിച്ചവരും, 17,287 പേർ താമസം മാറിയവരുമാണെന്ന് അദ്ദേഹം അറിയിച്ചു. അതേസമയം, ഹിയറിംഗ് പൂർത്തിയാക്കുന്ന ആദ്യ നിയമസഭാമണ്ഡലമായി കുട്ടനാട് മാറി. ഈ മാസം 12-നകം സംസ്ഥാനത്തുടനീളം ഹിയറിംഗ് പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## കേന്ദ്ര നിരീക്ഷകരുടെ യോഗം

അസം, കേരളം, പുതുച്ചേരി, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ കേന്ദ്ര നിരീക്ഷകരായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ യോഗം പുരഗോമിക്കുന്നു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ നേതൃത്വത്തിൽ നടക്കുന്ന യോഗത്തിൽ 714 ജനറൽ ഒബ്സർവർമാർ, 233 പോലീസ് ഒബ്സർവർമാർ, 497 ചെലവ് നിരീക്ഷകർ ഉൾപ്പെടെ 1,444 ഉദ്യോഗസ്ഥരാണ് പങ്കെടുക്കുന്നത്. മൂന്ന് ബാച്ചുകളായി ഇന്നും നാളെയുമായി ന്യൂഡൽഹിയിലെ ഐഐഐഡിഇഎമ്മിലാണ് യോഗം.

## സന്തോഷ് ട്രോഫി -INTRO

സന്തോഷ് ട്രോഫി ഫുട്ബോളിൽ പഞ്ചാബിനെ തകർത്ത് കേരളം ഫൈനലിൽ. ഏകപക്ഷീയമായ നാലു ഗോളിനാണ് കേരളത്തിൻറെ ജയം. ഞായറാഴ്ച നടക്കുന്ന കലാശപ്പോരിൽ സർവീസസാണ് കേരളത്തിൻറെ എതിരാളി.

ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.......
(വോയിസ്)

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് കലാശപ്പോരാട്ടം. വഡോദരയിൽ രാത്രി 7:30ന് ആരംഭിക്കുന്ന ഫൈനലിൽ ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.

RNU TVPM

## വാർത്താലാപ്

പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ, എറണാകുളം പെരുമ്പാവൂരിൽ പ്രാദേശിക മാധ്യമ ശില്പശാല സംഘടിപ്പിച്ചു. വികസനോന്മുഖ വാർത്തകൾക്ക് മാധ്യമങ്ങൾ മതിയായ പ്രാധാന്യം നൽകണമെന്ന് പിഐബി കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി പളനിച്ചാമി പറഞ്ഞു. പെരുമ്പാവൂർ പ്രസ് ക്ലബ്ബുമായി ചേർന്നാണ് ശില്പശാല സംഘടിപ്പിച്ചത്.